**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 620** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>പശ്ചിമഘട്ട പരിസ്ഥിതിലോലമേഖല കരട് വിജ്ഞാപനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ജനവാസ കേന്ദ്രങ്ങൾ പശ്ചിമഘട്ട പരിസ്ഥിതിലോലമേഖല കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** 27.07.2026 ലെ കേന്ദ്ര കരട് വിജ്ഞാപനത്തിൽ കേരളത്തിൽ 131 വില്ലേജുകളിലായി ഏകദേശം 9,993.78 ച.കി.മീ. പ്രദേശമാണ് ESA ആയി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 9107 ച.കി.മീ വനവും, 886.7 ച.കി.മീ. വനേതര പ്രദേശവുമാണ്. ഇതിന്മേൽ സംസ്ഥാന സർക്കാർ വിശദമായി GIS വിശകലനം, വിശദ സ്ഥലപരിശോധന, ജില്ലാ/ പ്രാദേശികതല പരിശോധനകൾ/ പശ്ചിമഘട്ട ESA വിദഗ്ധ സമിതിയുമായുള്ള വിവിധ ഘട്ടങ്ങളിലെ ചർച്ച, ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കേന്ദ്ര വിദഗ്ധ സമിതിയുമായി 15.07.2026-ന് ചേർന്ന ഉന്നതതലയോഗം എന്നിവ നടത്തിയ ശേഷം 98 വില്ലേജുകളിലായി 8,590.69 ച.കി.മീ പ്രദേശം ESA യിൽ ഉൾപ്പെടുന്ന തരത്തിൽ പരിഷ്കരിച്ച നിർദേശം തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി 24.09.2026-ന് സമർപ്പിച്ചിട്ടുണ്ട്. ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടം മേഖലകൾ തുടങ്ങിയ സാംസ്കാരിക ഭൂപ്രദേശങ്ങൾ ESA യിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുക എന്ന നിലപാടാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചത്.

**(ബി)** കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പൂർണ്ണമായും ജനവാസ കേന്ദ്രമായ പാട്യം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ചെറുവാഞ്ചേരി പ്രദേശം ഈ പട്ടികയിൽ ഉൾപ്പെട്ടത് ജനങ്ങളിലാകെ ആശങ്ക ഉയർത്തിയ കാര്യം പരിശോധിക്കുമോ;

**<u>മറുപടി:</u>** കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ചെറുവാഞ്ചേരി വില്ലേജിലെ ചില പ്രദേശങ്ങൾ 27.07.2026-ലെ കേന്ദ്ര കരട് വിജ്ഞാപനത്തിലെ ESA വില്ലേജുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി 24.09.2026-ന് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള പരിഷ് കരിച്ച നിർദ്ദേശത്തിൽ ചെറുവാഞ്ചേരി വില്ലേജിലെ ജനവാസ കേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കി വനഭൂമി മാത്രമായ 76.58 ച.കി.മീ വിസ്തൃതി മാത്രമാണ് ESA യായി പരിഗണിച്ചിരിക്കുന്നത്.

ജനവാസ, കൃഷി, തോട്ടം മേഖലകളെ ESA യിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യം കാരണങ്ങൾ സഹിതം സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിലുള്ള ഭൂപടം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(സി)** ജനജീവിതത്തെ സാരമായി ബാധിക്കുന്ന ഈ വിജ്ഞാപനത്തിൽ നിന്ന് ചെറുവാഞ്ചേരി വില്ലേജിനെ ഒഴിവാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**